DESPATCHED
On...17/06/2020
7·5·20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.179(*2)/2019*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.831/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.ഖാലിദ് മുണ്ടപ്പിള്ളി
മുണ്ടപ്പിള്ളി വീട്
എടയപ്പുറം
ആലുവ പി.ഒ
എറണാകുളം-683101** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ രജിസ്ട്രാർ(ജനറൽ)**
എറണാകുളം
2. **അപ്പീൽ അധികാരി ആന്റ്
രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ
ദക്ഷിണ മദ്ധ്യമേഖല
എറണാകുളം**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.10.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.11.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 25.11.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 19.12.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.01.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 25.01.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.01.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 01.02.2020,05.02.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭ്യമാക്കുന്നതിലേയ്ക്ക് 6(3) പ്രകാരം കൈമാറ്റം ചെയ്തു നൽകിയില്ലെന്നും

ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ആയതിനും മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 14.10.2017–ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ എറണാകുളം വാരിയം റോഡിലെ പ്രവർത്തിക്കുന്ന ലോട്ടസ് ക്ലബിന്റെ കരം തീരുവയുടേയും കൈവശാവകാശ ത്തിന്റെയും രേഖകളുടെ പകർപ്പുകൾ വേണമെന്നും, ഡോകുമെന്റ് നമ്പർ എറണാകുളം എസ്.ആർ.ഒ 2206/1114(1439) ഇത് സംബന്ധിച്ച് 29.04.2016 ലേയും 16.06.2016 ലേയും എറ ണാകുളം വില്ലേജ് ഓഫീസറുടെ കത്തുകൾ പ്രകാരം എറണാകുളം സബ് രജിസ്ട്രാ റുടെ കത്ത് പ്രകാരവും ടി രേഖകൾ ലഭ്യമല്ല എന്നുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ആണ് ടി അപേക്ഷ സമർപ്പിക്കുന്നതെന്നുമാണ്. ആയതിന് 14.11.2017ന് എസ്.പി.ഐ.ഒ മറുപടി നൽകി.

3. ടി മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 25.11.2017 ന് അപ്പീൽ നൽകു കയും 19.12.2017 ന് അപ്പീലധികാരി മറുപടി നൽകുകയും ചെയ്തു. ആയതിൽ ഹർജിക്കാ രൻ ആവശ്യപ്പെട്ടതിൽ ആധാരത്തിന്റെ പകർപ്പുകൾ മാത്രമേ രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമകുകയുള്ളുവെന്നും, ബാക്കി രേഖകളായ കരം തീരുവകയുടെയും കൈവ ശാവകാശത്തിന്റെയും പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നും മാത്രമേ ലഭ്യമാകുകയുള്ളുവെന്ന് ഹർജിക്കാരനെ അറിയുക്കുന്നുവെന്നുമാണ്. 01.02.2020 ൽ സമർപ്പിച്ച റിപ്പോർട്ടിലും ടി കാര്യങ്ങൾ പ്രസ്താവിച്ചു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരൻ നൽകിയ അപേക്ഷയ്ക്ക് ടി ഓഫീസിൽ ലഭ്യമായ കാര്യങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ബാക്കിയുള്ള വിവരങ്ങൾ നൽകാനായി ടി അപേക്ഷ വില്ലേജ് ഓഫീസിലേയ്ക്ക് കൈമാറി നൽകണമെന്നും അവിടെ നിന്ന് അപേക്ഷകന് നേരിട്ട് വിവരം നൽകാനായി നിർദ്ദേശിക്കണമെന്നും കമ്മീഷൻ ഹിയറിംഗ് സമയത്ത് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുകയും ആയതിൻ പ്രകാരം ടി അപ്പീൽ ഹർജി യിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മേയ് 7–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

RIGHT TO INFORMATION